കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- 2016-17 വർഷത്തെ റീജിയണൽ സരസ് മേള- 31-08-2016 മുതൽ 13-09-2016 വരെ കൊല്ലം നഗരത്തിൽ വച്ച് കുടുംബശ്രീ മുഖേന ഗ്രാമ വികസന വകുപ്പിന്റെ സഹായത്തോടെ നടത്തുവാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ) 2141/2016/തസ്വഭവ    തിരുവനന്തപുരം, തീയതി, 16.07.2016**

==========================================================================

പരാമർശം: 1. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 23.5.2016 തീയതിയിലെ ഡി.ഒ. കെ.11011/ഡി1/16 നമ്പർ കത്ത്.

2. ഗ്രാമവികസന കമ്മീഷണറുടെ 30.06.2016 ലെ 8728/ഡി.പി1/2016/സി.ആർ.ഡി. നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ നിർദ്ദേശപ്രകാരം 2016-17 വർഷത്തെ റീജിയണൽ സരസ് മേള നടത്തുന്നതിനുള്ള സമ്മതവും, ആയത് നടത്തുന്നതിനായി 31-08-2016 മുതൽ 13-09-2016 വരെയുള്ള 14 ദിവസത്തെ ഏകദേശ കാലയളവും കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. ഈ വർഷം മേളയുടെ നടത്തിപ്പിനായി 39 ലക്ഷം രൂപയാണ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ചിട്ടുള്ളത്. സരസ് മേള 2016-17 കൊല്ലം ജില്ലയിൽവച്ച് സംഘടിപ്പിക്കുന്നത് ഉചിതമായിരിക്കും എന്നും 31-08-2016 മുതൽ 13-09-2016 വരെയുള്ള കാലയളവിൽ ഓണത്തിന് മുന്നോടിയായി നടത്താവുന്നതാണ് എന്നും ഗ്രാമവികസന കമ്മീഷണർ പരാമർശം രണ്ട് പ്രകാരം അറിയിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2016-17 വർഷത്തെ റീജിയണൽ സരസ് മേള 31-08-2016 മുതൽ 13-09-2016 വരെ കൊല്ലം നഗരത്തിൽ വച്ച് കുടുംബശ്രീ മുഖേന ഗ്രാമ വികസന വകുപ്പിന്റെ സഹായത്തോടെ നടത്തുവാനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അനുവദിച്ച തുക കഴിഞ്ഞ് അധികമായി വേണ്ടി വരുന്ന തുക മറ്റ് ജില്ലകളിലെ SGSY അക്കൗണ്ടിൽ നിന്നും സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുവാനും ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.പി.വിജയകുമാർ
സ്പെഷ്യൽ സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ.